KSACS

**Kerala State AIDS Control Society**
Red Cross Road
Thiruvananthapuram - 695035
www.ksacs.in

Phone: +91 471 2304882,2304704,2303763, Fax: +91 471 2305183 email: info@ksacs.in

**26.11.2009**

# ലോക എയ്ഡ്സ് ദിനം: ഉദ്ഘാടനം തിരുവനന്തപുരത്ത്; സംസ്ഥാനത്തെങ്ങും വിപുലമായ പരിപാടികൾ

തിരുവനന്തപുരം: ലോക എയ്ഡ്സ് ദിനമായ ഡിസംബർ ഒന്നിന് കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ സംസ്ഥാനവ്യാപകമായി വിപുലമായ പരിപാടികളോടെ ദിനാചരണ പരിപാടികൾ സംഘടിപ്പിക്കും. മനുഷ്യാവകാശവും സേവനലഭ്യതയും എന്നതാണ് ഇത്തവണത്തെ ലോക എയ്ഡ്സ് ദിന സന്ദേശം. എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയുടെ വിവിധ സേവനകേന്ദ്രങ്ങളുടെ ആഭിമുഖ്യത്തിലും സന്നദ്ധ സംഘടനകളുമായി ചേർന്നുമാണ് പരിപാടികൾ സംഘടിപ്പിക്കുന്നത്. എല്ലാ ജില്ലകളിലും ദിനാചരണത്തോടനുബന്ധിച്ച് സെമിനാറുകൾ, പൊതുസമ്മേളനം, റാലി, റെഡ് റിബൺ അണിയിക്കൽ, പോസ്റ്റർ പ്രദർശനം, പ്രതിജ്ഞ ചൊല്ലൽ തുടങ്ങിയവ നടക്കും.

സംസ്ഥാതല ഉദ്ഘാടനവും പൊതുസമ്മേളനവും വൈകുന്നേരം അഞ്ചിന് തിരുവനന്തപുരം സെനറ്റ് ഹാളിൽ നടക്കും. പൊതുസമ്മേളനം ആരോഗ്യവകുപ്പു മന്ത്രി പി.കെ. ശ്രീമതി ടീച്ചർ ഉദ്ഘാടനം ചെയ്യും. തുടർന്ന് പ്രശസ്ത മജീഷ്യൻ ശ്രീ. ഗോപിനാഥ് മുതുകാട് അവതരിപ്പിക്കുന്ന മാജിക് ഷോയും ഉണ്ടാകും. രാവിലെ മുഖ്യമന്ത്രിയുടെ ഔദ്യോഗിക വസതിയായ മുഖ്യമന്ത്രിയുടെ ഓഫീസിൽ റെഡ് റിബൺ അണിയിക്കൽ ചടങ്ങ് നടക്കും.

കളക്ടറേറ്റുകൾ, സാമൂഹ്യക്ഷേമ വകുപ്പ്, കോർപ്പറേഷനുകൾ, മുനിസിപ്പാലിറ്റികൾ, ജില്ലാ മെഡിക്കൽ ആഫീസുകൾ, ഹൈക്കോടതി, ജില്ലാ പഞ്ചായത്തുകൾ തുടങ്ങിയ സർക്കാർ സ്ഥാപനങ്ങളിൽ ഉദ്യോഗസ്ഥർ റെഡ് റിബൺ അണിയും. വിവിധ സംഘടനകളുടെയും വകുപ്പുകളുടെയും ആഭിമുഖ്യത്തിൽ റാലികളും പോസിറ്റീവ് സ്പീക്കിംഗ് പരിപാടികളും നടക്കും. കൂടാതെ കമ്മ്യൂണിറ്റി കെയർ സെന്ററുകൾ, മെഡിക്കൽ കോളേജുകൾ, റെഡ് റിബൺ ക്ലബ്ബുകൾ, വിവിധ സർക്കാർ വകുപ്പുകൾ എന്നിവ കേന്ദ്രീകരിച്ചും റെഡ് റിബൺ ധരിക്കലും ബോധവത്കരണ ക്ലാസുകളും ചർച്ചകളും ക്വിസ് മത്സരങ്ങളും സമ്മേളനങ്ങളും നടക്കും. പൊതുമേഖലാ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് രക്തദാന ക്യാമ്പുകളും എച്ച്.ഐ.വി നയപ്രഖ്യാപനവും അണുബാധിതർക്കുള്ള ധനസഹായ വിതരണവും ക്യാൻവാസിൽ ഒപ്പുരേഖപ്പെടുത്തൽ പരിപാടിയും നടക്കും.

ആഭ്യന്തര വകുപ്പിലെ എയ്ഡ്സ് ദിന പരിപാടികളുടെ ഭാഗമായി മുപ്പതിനായിരത്തോളം പോലീസ് ഉദ്യോഗസ്ഥർ റെഡ് റിബൺ അണിയും. എ.ആർ ക്യാമ്പിൽ ബോധവത്കരണ ക്ലാസും പോസ്റ്റർ പ്രദർശനവും ഉണ്ടാകും, എച്ച്.ഐ.വി അണുബാധിതരോട് ഐക്യദാർഢ്യം പ്രകടിപ്പിച്ച് ക്യാൻവാസിൽ ഒപ്പുരേഖപ്പെടുത്തൽ പരിപാടിയും നടക്കും. ജെയിൽ വളപ്പിൽ നടക്കുന്ന പരിപാടികൾ അഡി. ഡിജിപി ഉദ്ഘാടനം ചെയ്യും. റെഡ് റിബൺ അണിയൽ, ബോധവത്കരണ ക്ലാസുകൾ എന്നിവ സംഘടിപ്പിക്കും. ടൂറിസം വകുപ്പിലെയും തൊഴിൽ വകുപ്പിലെയും ജീവനക്കാർ, കെ.എസ്.ആർ.ടി.സി ബസിലെ ഡ്രൈവർമാർ, കണ്ടക്ടർമാർ തുടങ്ങിയവർ റെഡ് റിബൺ ധരിക്കും. പ്രധാനപ്പെട്ട ഓഫീസുകളിൽ പോസ്റ്റർ പ്രദർശനവും ടൂറിസം വകുപ്പിന്റെ കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ബോധവത്കരണ ക്ലാസുകളും സംഘടിപ്പിക്കും.

കുടുംബശ്രീയുടെ നേതൃത്വത്തിൽ റെഡ് റിബൺ അണിയലും പഞ്ചായത്തു തലത്തിൽ ബോധവത്കരണ ക്ലാസുകളും നടക്കും. കിലയിലെ ഉദ്യോഗസ്ഥരും പരിശീലനാർഥികളും റെഡ് റിബൺ അണിയുകയും പോസ്റ്റർ പ്രദർശനം സംഘടിപ്പിക്കുകയും ചെയ്യും

പ്രത്യാശയുടെ നേതൃത്വത്തിൽ റെയിൽവെ സ്റ്റേഷനുകൾ, ബസ് സ്റ്റേഷനുകൾ, ആശുപത്രികൾ എന്നിവ കേന്ദ്രീകരിച്ച് പ്രത്യേകം സജ്ജമാക്കുന്ന കിയോസ്കുകളിലൂടെ എയ്ഡ്സ് ബോധവത്കരണ ലഘുലേഖകൾ, പോസ്റ്ററുകൾ, റെഡ് റിബണുകൾ എന്നിവ വിതരണം ചെയ്യും. തൃശൂർ, പാലക്കാട്, കണ്ണൂർ, മലപ്പുറം, കാസർഗോഡ് എന്നീ ജില്ലകളിൽ എൻ.ജി.ഒമാരും കോളേജ് വിദ്യാർത്ഥികളും ജില്ലാ മെഡിക്കൽ ഓഫീസുമായി ചേർന്ന് റാലി സംഘടിപ്പിക്കും.

ജ്യോതിസ് സെന്ററിന്റെ ആഭിമുഖ്യത്തിൽ ജീവനക്കാർക്കായി 'എച്ച്.ഐവി പരിശോധനയ്ക്കും കൗൺസലിംഗിനുമായി ജ്യോതിസ് കേന്ദ്രങ്ങൾ' എന്ന വിഷയത്തിൽ മുദ്രാവാക്യ രചന മത്സരം സംഘടിപ്പിക്കും. ബ്ലഡ് സേഫ്റ്റി വിഭാഗത്തിന്റെ നേതൃത്വത്തിൽ സംസ്ഥാന വ്യാപകമായി 28 രക്തദാന ക്യാമ്പുകൾ സംഘടിപ്പിക്കും. ഒരാഴ്ച നീണ്ടുനിൽക്കുന്ന 54 ക്യാമ്പുകളും ഇതോടനുബന്ധിച്ച് സംഘടിപ്പിക്കും.

പുലരിയുടെ നേതൃത്വത്തിലും ബോധവത്കരണ ക്ലാസുകൾ സംഘടിപ്പിക്കും. സംസ്ഥാനത്തെ 186 കോളേജുകളിലെ റെഡ് റിബൺ ക്ലബ്ബുകളുടെ ആഭിമുഖ്യത്തിൽ റെഡ് റിബൺ അണിയലും റാലികളും തെരുവുനാടകങ്ങളും പോസിറ്റീവ് സ്പീക്കിംഗ് പരിപാടികളും സംഘടിപ്പിച്ചിട്ടുണ്ട്. വി. എച്ച്.എസ്. ഇ വിഭാഗത്തിലെ എൻ.എസ്.എസ് പ്രവർത്തിക്കുന്ന 240 സ്കൂളുകളിൽ കുട്ടികൾ റെഡ് റിബൺ അണിയും.

സംസ്ഥാനത്തെ 186 കോളേജുകളിലെ റെഡ് റിബൺ ക്ലബ്ബുകളുടെ ആഭിമുഖ്യത്തിൽ റെഡ് റിബൺ അണിയലും റാലികളും തെരുവുനാടകങ്ങളും പോസിറ്റീവ് സ്പീക്കിംഗ് പരിപാടികളും സംഘടിപ്പിക്കും. ചാലക്കുടി എസ്.എച്ച് കോളേജിൽ ഏകദിന സെമിനാർ നടക്കും. കൊല്ലം ജില്ലയിലെ ഹൈസ്കൂളുകൾ കേന്ദ്രീകരിച്ച് ക്വിസ് മത്സരങ്ങളും റെഡ് റിബൺ അണിയിക്കലും നടക്കും. വി.എച്ച്.എസ്. ഇ വിഭാഗത്തിലെ എൻ.എസ്.എസ് പ്രവർത്തിക്കുന്ന 240 സ്കൂളുകളിൽ കുട്ടികൾ റെഡ് റിബൺ അണിയും.

*ഈ കുറിപ്പ് താങ്കളുടെ വാർത്തകളിൽ ഉൾപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുന്നു.*

സ്നേഹാദരങ്ങളോടെ

**ജോയിന്റ് ഡയറക്ടർ (ബോധവത്കരണം)**